പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5212 30.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ പരിഗണനയിലുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്കെത്തുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ, കോർപ്പറേഷൻ കൂടുതൽ സൂപ്പർക്ലാസ് സർവ്വീസുകളും അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുന്നതിനായും, നിലവിലുള്ള വരുമാനംകുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനായുമുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ടി പാക്കേജിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചും കൊറിയർ പാഴ്സൽ സർവ്വീസുകൾ ആരംഭിച്ചും പരസ്യ ഇനത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.-യെ കെ.എസ്.ഇ.ബി മാതൃകയിൽ കമ്പനിയാക്കി മാറ്റി പ്രത്യേക പാക്കേജ് നൽകുന്നകാര്യം പരിഗണിക്കുമോ; | (ബി) യും (സി) യും | ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | ഇതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ